# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 – 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/164/2018 2018 ജൂലൈ 28

## പത്രക്കുറിപ്പ്

### മൂല്യനിർണ്ണയ ക്യാമ്പ് തടസപ്പെട്ടുവെന്ന വാർത്ത അടിസ്ഥാന രഹിതം

ബിരുദാനന്തര കോഴ്സുകളുടെ **1,4** സെമസ്റ്ററുകളുടെ തിരുവല്ല, മാർത്തോമ കോളേജിലെ മൂല്യനിർണ്ണയ ക്യാമ്പ് മുടങ്ങിയെന്ന വാർത്ത തികച്ചും അടിസ്ഥാനരഹിതമാണ്. യൂണിവേഴ്സിറ്റി ക്യാമ്പസ്, ആലുവ യു.സി കോളേജ്, പാലാ അൽഫോൺസാ കോളേജ്, തിരുവല്ല മാർത്തോമ കോളേജ് എന്നീ **4** കേന്ദ്രങ്ങളിലാണ് മൂല്യനിർണ്ണയ ക്യാമ്പ് ക്രമീകരിച്ചിട്ടുള്ളത്. **1,4** സെമസ്റ്ററുകളിലെ എഴുപതിനായിരം ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയമാണ് ഈ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിട്ടുള്ളത്. ആയിരത്തോളം അദ്ധ്യാപകരുടെ സേവനമാണ് ഇവിടെ ഉപയോഗിക്കുന്നത്. ജൂലൈ **27** മുതൽ ആഗസ്റ്റ് **1** വരെയാണ് ക്യാമ്പ് ക്രമീകരിച്ചിട്ടുള്ളത്. ആദ്യ **2** ദിവസങ്ങളിൽ **4**–ാം സെമസ്റ്ററും, മറ്റ് **3** ദിവസങ്ങളിൽ **1**–ാം സെമസ്റ്റർ മൂല്യനിർണ്ണയവും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

മാർത്തോമ കോളേജ് മൂല്യനിർണ്ണയകേന്ദ്രത്തിലെ എം.എസ്.സി, എം.എ കോഴ്സുകളുടെ മൂല്യനിർണ്ണയം നിശ്ചയിച്ച പ്രകാരം തടസമില്ലാതെ ആരംഭിച്ചു. എം.കോം–ലെ **10** പേപ്പറുകളിൽ **4** എണ്ണത്തിന്റെ ഉത്തരസൂചിക ലഭിയ്ക്കാൻ അല്പം വൈകിയതിന്റെ പേരിൽ മൂല്യനിർണ്ണയ ക്യാമ്പുകൾ മുടങ്ങി എന്ന വാർത്ത നൽകിയതിന്റെ പിന്നിൽ തികച്ചും ദുഷ്ടലാക്കാണുള്ളത്. എല്ലാ ക്യാമ്പുകളിലും അദ്ധ്യാപകർ ഉത്തരസൂചിക അനുസരിച്ച് തന്നെ ഇന്നലെ മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതാണ്. ഒരു കേന്ദ്രത്തിലും മൂല്യനിർണ്ണയം മുടങ്ങിയിട്ടില്ല.

എം.ജി സർവ്വകലാശാല പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും റെക്കോർഡ് നേട്ടം കൈവരിച്ച് വിദ്യാർത്ഥികളുടേയും, പൊതു സമൂഹത്തിന്റേയും പ്രശംസ നേടി മുന്നേറുന്നതിൽ അസൂയാലുക്കളായ ചിലരാണ് തെറ്റായ ഈ വാർത്തയ്ക്കു പിന്നിൽ പ്രവർത്തിച്ചതെന്ന് വ്യക്തമാണ്.

സർവ്വകലാശാല പരീക്ഷാ വിഭാഗം തീരുമാനിച്ചിട്ടുള്ളത് പോലെ തന്നെ പി.ജി പരീക്ഷകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി ആഗസ്റ്റ് **20** ന് മുമ്പ് തന്നെ ഫലപ്രഖ്യാപനം നടത്തുന്നതാണ്.

മൂല്യനിർണ്ണയ ക്യാമ്പുമായി സഹകരിച്ച അദ്ധ്യാപകർ, ജീവനക്കാർ, കോളേജ് പ്രിൻസിപ്പൽമാർ എന്നിവർക്ക് സിൻഡിക്കേറ്റിന്റെ പരീക്ഷാ കമ്മറ്റി അഭിനന്ദനം അറിയിക്കുന്നു.

**പുതുക്കിയ പരീക്ഷാ തീയതി**

ആഗസ്റ്റ് 13ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ – 2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ആഗസ്റ്റ് 30നും, രണ്ടാം സെമസ്റ്റർ ബി.ടെക് (2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ആഗസ്റ്റ് 29നും ആഗസ്റ്റ് 14നും 16നും നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.ടെക് (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) യഥാക്രമം ആഗസ്റ്റ് 30, സെപ്റ്റംബർ 3 തീയതികളിലും ആഗസ്റ്റ് 13, 14, 16, 17 തീയതികളിലെ നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 – 2015 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 10, 11, 13 14 തീയതികളിലും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകൾക്കും സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല.

31ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം – 2015 അഡ്മിഷൻ മുതൽ – റഗുലർ/സപ്ലിമെന്ററി) ഏപ്രിൽ 2018 വൈവാവോസി ആഗസ്റ്റ് 3ന് സ്കൂൾ ഓഫ്

പെഡഗോഗിക്കൽ സയൻസസിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിസീസിന്റെ രണ്ടു പകർപ്പുമായി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

കാലടി എസ്.എസ്. കോളേജിൽ നടക്കുന്ന നാലാം സെമസ്റ്റർ എം.എസ്.സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയത്തിനും വൈവാവോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 31 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 1 വരെയും 500 രൂപ സൂപ്പർഫൈനോടെ ആഗസ്റ്റ് 3 വരെയും സ്വീകരിക്കും. നാലാം സെമസ്റ്ററിൽ ആദ്യമായി അപേക്ഷിക്കുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പ്രാക്ടിക്കൽ**

2018 മെയ്/ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രോജക്ട് ഇവാല്യുവേഷൻ/വൈവാവോസി എന്നിവ ആഗസ്റ്റ് 3 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം./എം.ടി.എ. (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.

2018 മാർച്ച് മാസത്തിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഡിസംബർ മാസത്തിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ബയോസയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.

**ബി.ടെക് കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റ്**

2018 മെയ് മാസത്തിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ കോൺഫിഡൻഷ്യൽ മാർക്ക്ലിസ്റ്റ് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് നിശ്ചിത ഫീസടച്ച് അപേക്ഷിക്കാം. മാർക്കുകൾ ലഭ്യമാകുന്നമുറയ്ക്ക് വിദ്യാർത്ഥി ആവശ്യപ്പെടുന്ന സ്ഥാപനത്തിലേക്ക് കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റുകൾ അയച്ചുകൊടുക്കുന്നതാണ്.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ യോഗം 2018 ആഗസ്റ്റ് 9ന് രാവിലെ 10.30ന് സർവ്വകലാശാലാ ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**